പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5246 — 06.02.2014 ൽ മറുപടിക്ക്

## വർദ്ധിച്ച് വരുന്ന വാഹന അപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ വർഷവും വാഹനങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് വാഹന അപകടങ്ങളും വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അപകടങ്ങൾ വർദ്ധിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽനിന്നുള്ള ഡാറ്റാ നാറ്റ്പാക്ക് വിശകലനം ചെയ്തതിൽ നിന്നും 96.57% റോഡപകടങ്ങളും, അപകടകരമായ ഡ്രൈവിംഗ് മൂലമാണ് ഉണ്ടാകുന്നത് എന്ന കണ്ടെത്തിയിട്ടുണ്ട്. 0.76% അപകടങ്ങൾ മദ്യപിച്ചുകൊണ്ട് വാഹനം ഓടുക്കുന്നതിനാലും 2.66% അപകടങ്ങൾ മറ്റ് കാരണങ്ങൾ കൊണ്ടും ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം സുരക്ഷാ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | അമിതവേഗതയും, റോഡിന്റെ ശോചനീയാവസ്ഥയും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന മനസ്സിലാക്കി കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി |

വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്ന തിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

കേരള റോഡ് സുരക്ഷ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം. വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ

ടിപ്പർലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയുടെ ഡ്രൈവർമാർക്കും പരിശീനം കൊടുത്തു വരുന്നു.

ജില്ലാ തലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച. പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ, സഹായത്തോടുകൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ചേർത്തല-മണ്ണൂത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിന്റെ ഭാഗമായി സർവൈലൻസ് ക്യാമറകൾ, ട്രാഫിക് സൈൻ ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. ഈ പദ്ധതി മഞ്ചേശ്വരം വരെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് സ്ഥിരമായി വാഹനാപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ പ്രത്യേകമായി കണ്ടെത്തിയിട്ടുണ്ടോ; അവ എവിടെയെല്ലാമാണ്; പ്രസ്തുത സ്ഥലങ്ങളിൽ എന്തെല്ലാം സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | ഉണ്ട്. അപകട സാദ്ധ്യതയുള്ള സ്ഥലങ്ങളുടെ പട്ടിക അനുബന്ധമായി വച്ചിരിക്കുന്നു. പ്രസ്തുത സ്ഥലങ്ങളിലെ സുരക്ഷാ മുൻകരുതലുകൾ പോലീസ്, മോട്ടോർ വാഹന പൊതുമരാമത്ത് വകുപ്പുകൾ സ്വീകരിച്ചു വരുന്നു. |

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ